നം.ക്യൂ.ഐ.പി.51000/11/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 4.8.2011.

## സർക്കുലർ

വിഷയം:– 2011–2012 വർഷത്തെ ഓണപ്പരീക്ഷയുടെ നടത്തിപ്പ് – സംബന്ധിച്ച്
സൂചന:– 1.8.2011ലെ സർക്കുലർ നംപർ ക്യൂ.ഐ.പി.24266/11

സൂചന സർക്കുലർ അനുസരിച്ച് ഓണപ്പരീക്ഷ നടത്തുന്നത് സംബന്ധിച്ച തീയതിയും മറ്റ് വിശദീകരണങ്ങളും നൽകിയിരുന്നു. പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി താഴെപ്പറയുന്ന ക്രമീകരണം നടത്താൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ എസ്.സി.ഇ.ആർ.ടി.ഡയറക്ടർ, എസ്.എസ്.എ.ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സ്വീകരിക്കേണ്ടതാണ്.

1. ആഗസ്റ്റ് 22 മുതൽ 26 വരെ നടക്കുന്ന ഓണപ്പരീക്ഷകളിൽ ആദ്യ ദിവസമായ 22–ാം തീയതി ഉച്ചയ്ക്ക് ശേഷം മാത്രമേ പരീക്ഷ ആരംഭിക്കുകയുള്ളു. ബാക്കി ദിവസങ്ങളിൽ രാവിലെയും ഉച്ചയ്ക്ക് ശേഷവും പരീക്ഷ ഉണ്ടായിരിക്കും. ഖണ്ഡിക രണ്ടിൽ പ്രതിപാദിക്കുന്നതുപോലെ ഐ.റ്റി.പരീക്ഷകൾ നടത്തേണ്ടതാണ്.

2. മുസ്ലീം കലണ്ടർ പിൻതുടരുന്ന സ്കൂളുകളുടെ പരീക്ഷ സെപ്തംബർ മാസം 14 മുതൽ 20 വരെ നടത്തേണ്ടതാണ്. ടി സ്കൂളുകളുടെ ഐ.റ്റി പരീക്ഷ നടത്തുന്ന ദിവസം മറ്റ് സ്കൂളുകളുടെയും ഐ.റ്റി പരീക്ഷ നടത്തേണ്ടതാണ്. ഇതനുസരിച്ച് ടൈംടേബിൾ ക്രമീകരിക്കേണ്ടതാണ്.

3. എൽ.പി./യു.പി.സ്കൂളുകൾക്കുള്ള പരീക്ഷാ ടൈംടേബിൾ എസ്.എസ്.എ.യും ഹൈസ്ക്കൂളുകൾക്കുള്ള ടൈംടേബിൾ എസ്.സി.ഇ.ആർ.ടിയും തയ്യാറാക്കി വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരം വാങ്ങി പ്രസിദ്ധീകരിക്കേണ്ടതാണ്.

4. സ്കൂൾ ഹെഡ്മാസ്റ്റർമാർ പരീക്ഷാ ചോദ്യങ്ങൾ ചോദ്യ ബാങ്കിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റ് ചെയ്ത് വിതരണം ചെയ്യേണ്ടതാണ്.

5. ഇതിനുള്ള ചെലവ് എൽ.പി./യു.പി.സ്കൂളുകൾക്ക് എസ്.എസ്.എ.യിൽ നിന്നും ഹൈസ്കൂളുകൾക്ക് ആർ.എം.എസ്.എ.യിൽ നിന്നും അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

പകർപ്പ്:–1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. (അറിവിലേക്കും അടിയന്തിര തുടർ നടപടിക്കും)
2. ഡയറക്ടർ, എസ്.എസ്.എ. ( ‘‘ ’’ ’’ )
3. വിദ്യാഭ്യാസ ഉപഡയറക്ടർ ( ‘‘ ’’ ’’ )
4. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ( ‘‘ ’’ ’’ )
5. പ്രിൻസിപ്പൽ ഡയറ്റ് ( ‘‘ ’’ ’’ )
6. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ. ( ‘‘ ’’ ’’ )